بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 13.12.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

# തിരുനബി ചരിത്രം: ഖുർത്വാ സൈനികനീക്കം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

തിരുനബി ചരിത്രത്തിന്റെ വെളിച്ചത്തിൽ ഇന്ന് ഖുർത്വാ എന്ന പേരിൽ അറിയപ്പെടുന്ന ഒരു സരിയ അഥവാ യുദ്ധനീക്കത്തെക്കുറിച്ച് പരാമർശിക്കുന്നതാണ്. ഈ സരിയ ഹിജ്റ ആറാം വർഷം മുഹറം മാസത്തിലാണ് ഉണ്ടായത്. നബി(സ) ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ മുപ്പത് ആളുകളോടൊപ്പം ഖുർത്വായിലേക്ക് പറഞ്ഞയച്ചു. ഈ ഉദ്യമത്തിന്‌വേണ്ടി മുഹമ്മദ് ബിന് മസലമ 19 രാത്രികൾ മദീനയ്ക്ക് പുറത്ത് കഴിച്ചു കൂട്ടുകയുണ്ടായി. മുഹറം മാസം 29 നാണ് അദ്ദേഹം തിരിച്ച് മദീനയിൽ എത്തിയത്.

വിവിധ ഗ്രന്ഥങ്ങളിൽ നിന്നും ചരിത്രങ്ങളിൽനിന്നും ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു: ഹിജ്റ വർഷം ആരംഭിച്ചതേ ഉണ്ടായിരുന്നുള്ളൂ. ചന്ദ്രവർഷത്തിലെ ആദ്യ മാസമായ മുഹററത്തിന്റെ ആരംഭ ദിവസങ്ങളിൽ തന്നെ നബി(സ)ക്ക് നജ്ദ് നിവാസികളിൽനിന്ന് അപകടത്തെ കുറിച്ച് അറിയിപ്പുകൾ ലഭിച്ചിരുന്നു. ഈ ആശങ്ക ബനൂ ബക്കർ ഗോത്രത്തിന്റെ ശാഖയായിരുന്ന ഖുർത്വാ ഗോത്രത്തിൽ നിന്നുമായിരുന്നു ഉണ്ടായിരുന്നത്. ഇവർ നജ്ദിന്റെ പ്രാന്തപ്രദേശങ്ങളിൽ മദീനയിൽ നിന്ന് ഏഴ് രാത്രികളുടെ സഞ്ചാരദൈർഘ്യമുള്ള ദരിയ്യ എന്ന സ്ഥലത്താണ് വസിച്ചിരുന്നത്.

ഇവിടെ ഒരു കാര്യംകൂടി വിശദീകരിക്കുകയാണ്. ശത്രുസമൂഹം മദീനയെ ആക്രമിക്കാൻ ആവിഷ്കരിക്കുകയായിരുന്ന പദ്ധതിയെ തടയുന്നതിന്‌വേണ്ടിയാണ് നബി(സ) ഈ സംഘത്തെ അയച്ചത്. അവിടെ പോയി അവർ സ്ത്രീകളെയും കുട്ടികളെയും വെറുതെ വിട്ടുകൊണ്ട് സഹിഷ്ണുത കാണിക്കുകയും ചെയ്തു.

ഈ സന്ദർഭത്തിൽ ഥുമാമ ബിൻ ഉഥാൽ ബന്ദിയാക്കപ്പെട്ടതിനെ സംബന്ധിച്ചും അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിനെ കുറിച്ചും പരാമർശം കാണുന്നുണ്ട്. അതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഖുർത്വാ യുദ്ധനീക്കത്തിൽ നിന്ന് തിരിച്ചു വരുമ്പോൾ ആണ് ഥുമാമ ബിൻ ഉഥാൽ ബന്ദിയാക്കപ്പെട്ട സംഭവം ഉണ്ടായത്. ഒരിക്കൽ തിരുനബി(സ)യുടെ ദൂതൻ ഈ പ്രദേശത്ത് പോയപ്പോൾ അയാൾ എല്ലാ യുദ്ധനിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തി. മാത്രമല്ല ഒരിക്കൽ അയാൾ നബി(സ)യെ വധിക്കുന്നതിനും പദ്ധതിയിട്ടിരുന്നു. മുഹമ്മദ് ബിനു മസ്‌ലമയുടെ സംഘം ഥുമാമയെ ബന്ദിയാക്കി കൊണ്ടുവന്നപ്പോൾ അവർക്ക് അത് ആരാണെന്ന് അറിയില്ലായിരുന്നു. ഥുമാമയും വളരെ ബുദ്ധിപൂർവ്വം തന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ച് വെളിപ്പെടാതിരിക്കാൻ ശ്രദ്ധിച്ചു. കാരണം ഇസ്‌ലാമിനെതിരെ വളരെ ഭയാനകമായ കുറ്റങ്ങൾ താൻ ചെയ്തിട്ടുണ്ട് എന്നും ഇസ്‌ലാമിന്റെ ഈ സ്വാഭിമാനമുള്ള ഭടന്മാർക്ക് താൻ ആരാണെന്ന് മനസ്സിലാവുകയാണെങ്കിൽ ഒരുപക്ഷേ അവർ കഠിനമായി പ്രവർത്തിക്കുകയോ കൊല്ലുകയോ ചെയ്തേക്കാം എന്നും അയാൾ ചിന്തിച്ചു. അതേസമയം നബി(സ)യിൽനിന്ന് അയാൾ കൂടുതൽ നല്ല രീതിയിലുള്ള പെരുമാറ്റം പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. അങ്ങനെ മദീനയിലേക്ക് തിരിച്ചു വരുന്നതുവരെയും മുഹമ്മദ് ബിൻ മസലമയുടെ സംഘത്തിന് ഥുമാമയുടെ വ്യക്തിത്വം ഗോപ്യമായി തന്നെയിരുന്നു.

മദീനയിൽ എത്തിയപ്പോൾ ഥുമാമ, നബി(സ) യുടെ മുന്നിൽ ഹാജരാക്കപ്പെട്ടു. നബി(സ) അയാളെ കണ്ടപ്പോൾ തിരിച്ചറിഞ്ഞു. മുഹമ്മദ് ബിനു മസ്‌ലമയോടും കൂട്ടാളികളോടും ചോദിച്ചു: ഇതാരാണെന്ന് നിങ്ങൾക്കറിയാമോ? അവർക്ക് അറിയില്ലെന്ന് പറഞ്ഞപ്പോൾ നബി(സ) അയാളുടെ യാഥാർത്ഥ്യത്തെ അവർക്കു മുന്നിൽ വെളിപ്പെടുത്തി. അതിനുശേഷം നബി(സ) തന്റെ സ്വഭാവരീതി അനുസരിച്ച് ഥുമാമയോട് നല്ല രീതിയിൽ വർത്തിക്കണമെന്ന് കൽപ്പിച്ചു. പിന്നെ തന്റെ വീട്ടിൽ പോയി വീട്ടിലുള്ള ഭക്ഷണം ഥുമാമക്ക് വേണ്ടി കൊടുത്തയക്കാൻ പറഞ്ഞു. ഥുമാമയെ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റുന്നതിന് പകരം മസ്ജിദ് നബ്‌വിയുടെ മുറ്റത്ത് ഏതെങ്കിലും തൂണിൽ കെട്ടി ബന്ദിയാക്കുകയെന്ന നിർദ്ദേശം സഹാബാക്കൾക്ക് നൽകി.

അതുകൊണ്ട് നബി(സ)യുടെ ഉദ്ദേശം, നബിയുടെ സദസ്സുകളും മുസ്‌ലീങ്ങളുടെ നമസ്കാരവും അദ്ദേഹത്തിന്റെ കൺമുമ്പിൽ നടക്കുകയും അങ്ങനെ അയാളുടെ മനസ്സ് ആത്മീയ ദൃശ്യങ്ങൾ കണ്ടു സ്വാധീനിക്കപ്പെടണമെന്നും ഇസ്‌ലാമിലേക്ക് അയാൾ ചായണമെന്നുമായിരുന്നു.

ഈ ദിവസങ്ങളിൽ നബി(സ) എല്ലാ ദിവസവും രാവിലെ ഥുമാമയുടെ അടുക്കൽ എത്തി എന്താണ് താങ്കളുടെ ഉദ്ദേശം എന്ന് ചോദിച്ചിരുന്നു. ഥുമാമ ഇപ്രകാരം മറുപടി കൊടുത്തു: അല്ലയോ മുഹമ്മദ്(സ)! താങ്കൾ എന്നെ കൊല്ലാൻ ഉദ്ദേശിക്കുന്നുവെങ്കിൽ താങ്കൾക്ക് അതിനുള്ള അവകാശം ഉണ്ട്. കാരണം എനിക്കെതിരിൽ കൊലക്കുറ്റം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ താങ്കൾ ഔദാര്യം കാണിക്കുകയാണെങ്കിൽ ഞാൻ താങ്കളോട് നന്ദിയുള്ളവൻ ആയിരിക്കും. ഇനി താങ്കൾ ഫിദിയ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ ഫിദിയ നൽകാനും തയ്യാറാണ്. മൂന്നു ദിവസം ഇത്തരത്തിലുള്ള ചോദ്യോത്തരങ്ങൾ തുടർന്നു. മൂന്നാമത്തെ ദിവസം നബി(സ) സ്വഹാബാക്കളോട് പറഞ്ഞു: ഥുമാമയെ കെട്ടഴിച്ച് സ്വതന്ത്രനാക്കുക. സ്വഹാബാക്കൾ ഉടൻ തന്നെ സ്വതന്ത്രനാക്കി. ഥുമാമ വളരെ വേഗം പള്ളിയിൽനിന്ന് പുറത്തേക്ക് പോയി. സ്വഹാബാക്കൾ കരുതിയത് അയാൾ തന്റെ നാട്ടിലേക്ക് തിരിച്ചു പോയിട്ടുണ്ടാകും എന്നായിരുന്നു. എന്നാൽ നബി(സ) അയാളുടെ ഹൃദയം കീഴടക്കപ്പെട്ടു എന്ന് മനസ്സിലായിട്ടുണ്ടായിരുന്നു. അയാൾക്ക്മേൽ നബി(സ)യുടെ ആത്മീയശക്തി സ്വാധീനം ചെലുത്തിയിട്ടുണ്ടായിരുന്നു. അത് തന്നെയാണ് സംഭവിച്ചത്. അയാൾ അടുത്തുതന്നെയുള്ള ഒരു തോട്ടത്തിലേക്ക് പോയി. കുളിച്ചൊരുങ്ങി തിരിച്ചെത്തി. ഉടൻ തന്നെ നബി(സ)ന്റെ കൈകളിൽ മുസ്‌ലിമായി. അതിനു ശേഷം അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഒരു കാലത്ത് എനിക്ക് ലോകത്ത് ഏറ്റവും അധികം താങ്കളുടെ വ്യക്തിത്വത്തോടും താങ്കളുടെ ദീനിനോടും താങ്കളുടെ നാടിനോടും ശത്രുതയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ താങ്കളുടെ വ്യക്തിത്വവും താങ്കളുടെ ദീനും താങ്കളുടെ നാടും എനിക്ക് ഏറെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു.

മുസ്‌ലിമായി കഴിഞ്ഞപ്പോൾ ഥുമാമ, നബി(സ) നോട് പറഞ്ഞു: യാറസൂലല്ലാഹ്(സ), അങ്ങയുടെ രണ്ടാളുകൾ എന്നെ ബന്ദിയാക്കുന്ന സമയത്ത് ഞാൻ കഅ്ബയിൽ ഉംറ നിർവഹിക്കാൻ പോവുകയായിരുന്നു. ഇനി ഇപ്പോൾ എനിക്ക് എന്ത് കൽപ്പനയാണുള്ളത്? നബി(സ) അദ്ദേഹത്തിന് അനുമതി നൽകുകയും ദുആ ചെയ്യുകയും ചെയ്തു. തുടർന്ന് ഥുമാമ മക്കയിലേക്ക് തിരിച്ചു. മക്കയിലെത്തി അദ്ദേഹം ഖുറൈശികൾക്കിടയിൽ തുറന്ന നിലക്ക് തബ്ലീഗ് ചെയ്യാൻ തുടങ്ങി. ആ കാഴ്ച്ച കണ്ടപ്പോൾ ഖുറൈശികളുടെ കണ്ണുകളിൽ രക്തം തിളക്കാൻ തുടങ്ങി. അവർ ഥുമാമയെ പിടിച്ച് കൊല്ലണമെന്ന് ആഗ്രഹിച്ചു. പക്ഷേ അദ്ദേഹം യമാമയിലെ നേതാവായിരുന്നു; യമാമയുമായി മക്കക്കാർക്ക് വളരെ ആഴത്തിലുള്ള കച്ചവട ബന്ധങ്ങളുമുണ്ട്. അതേക്കുറിച്ചു ആലോചിച്ചപ്പോൾ അവർ തങ്ങളുടെ ഉദ്യമത്തിൽനിന്ന് പിന്തിരിയുകയും ഥുമാമയെ ചീത്തവിളിച്ചു ഒഴിവാക്കുകയും ചെയ്തു. പക്ഷേ ഥുമാമയുടെ പ്രകൃതത്തിൽ നല്ല ആവേശമുണ്ടായിരുന്നു. നബി(സ)നും സ്വഹാബാക്കൾക്കുമെതിരിൽ ഖുറൈശികൾ ചെയ്തു വന്നിരുന്ന ദ്രോഹങ്ങളെല്ലാം ഥുമാമയുടെ കണ്മുന്നിലുണ്ടായിരുന്നു. അദ്ദേഹം മക്കയിൽനിന്ന് പോകുമ്പോൾ ഖുറൈശികളോട് പറഞ്ഞു: അല്ലാഹുവാണേ! മേലിൽ യമാമയിൽനിന്ന് നിങ്ങൾക്ക് ഒരു മണി ധാന്യം പോലും നബി(സ)ന്റെ അനുമതി ഇല്ലാതെ കിട്ടുന്നതല്ല.

അദ്ദേഹം തന്റെ നാട്ടിലെത്തി മക്കയിലേക്കുള്ള യമാമയുടെ കച്ചവട സംഘങ്ങളുടെ പോക്കുവരവ് നിർത്തലാക്കി. മക്കയിലേക്കുള്ള ഭക്ഷണത്തിന്റെ ഒരു വലിയ പങ്കും യമാമയിൽനിന്നാണ് വന്നിരുന്നത്. അതുകൊണ്ട് ഈ കച്ചവടം മുടങ്ങിയപ്പോൾ മക്കയിലെ ഖുറൈശികൾ കഠിനമായ പ്രയാസത്തിൽ അകപ്പെട്ടു. കൂടുതൽ സമയം ആകുന്നതിനു മുമ്പേ അവർ പരിഭ്രാന്തരായി നബി(സ)ന്റെ സമക്ഷത്തിലേക്ക് ഒരു കത്തയച്ചുകൊണ്ട് പറഞ്ഞു: താങ്കൾ എപ്പോഴും ബന്ധുത്വത്തെക്കുറിച്ച് കൽപ്പന നൽകുന്നു. ഞങ്ങൾ താങ്കളുടെ അടുത്ത ബന്ധുക്കളാണ്. ഞങ്ങളെ ഈ പ്രയാസത്തിൽനിന്ന് രക്ഷിച്ചാലും. ആ സമയത്ത് ഖുറൈശികൾ വളരെയേറെ അസ്വസ്ഥതയിലുമായിരുന്നു. അതുകൊണ്ട് അവർ കത്തയച്ചതിൽ മാത്രം തൃപ്തരായില്ല. കൂടാതെ തങ്ങളുടെ നേതാവായ അബൂസുഫിയാൻ ബിൻ ഹർബിനെ നബി(സ)ന്റെ സമക്ഷത്തിൽ ഹാജരായി നേരിട്ടും സംസാരിക്കുന്നതിന്വേണ്ടി അയക്കുകയുണ്ടായി. അദ്ദേഹം അവിടെയെത്തി വളരെ കരഞ്ഞു വിലപിച്ച് തങ്ങളുടെ പ്രയാസത്തെ സംബന്ധിച്ച് അറിയിക്കുകയും കാരുണ്യത്തിന് യാചിക്കുകയും ചെയ്തു. തുടർന്ന് നബി(സ), മക്കക്കാരുടെ ഭക്ഷ്യസാധനങ്ങളുമായി പോകുന്ന ഖുറൈശികളുടെ സംഘങ്ങളെ തടയരുതെന്ന് ഥുമാമ ബിൻ ഉഥാലിന് നിർദേശം നൽകി. അങ്ങനെ ഈ കച്ചവടം പിന്നെയും തുടർന്ന് പോന്നു. മക്കക്കാർക്ക് ഈ പ്രയാസത്തിൽനിന്ന് മോചനവും ലഭിച്ചു.

ഹുസൂർ തിരുമനസ്സ് യുകെയിലെ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ജനാസ ഹാദിറും അഞ്ച് മർഹൂമീങ്ങളുടെ ജനാസാ ഗാഇബും നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി. ഇതിൽ രണ്ട് ആത്മാർഥരായ ശഹീദുകളും ഉണ്ട്.

ഒന്ന് റാവൽപിണ്ടിയിലെ മൻസൂർ അഹ്മദ് സാഹിബിന്റെ മകൻ ത്വയ്യിബ് അഹ്മദ് സാഹിബ് ശഹീദ് ആണ്. ത്വയ്യിബ് അഹ്മദ് സാഹിബിനെ റാവൽപിണ്ടിയിൽ ഒരു അഹ്മദിയ്യാ വിരോധി ഡിസംബർ അഞ്ചിന് മഴുകൊണ്ട് വെട്ടി ശഹീദാക്കുകയാണ് ഉണ്ടായത്. രണ്ടാമത്തേത് ഫലസ്തീനിലെ മുഹ്നിദ് മുഅയ്യിദ് അബൂഅവാദ് ഉസ്സയാണ്. ഇദ്ദേഹം ഒരു ഡ്രോൺ ആക്രമണത്തിൽ ഇരുപതാമത്തെ വയസിൽ ശഹീദായി. തുടർന്ന് ഡോക്ടർ മസ്ഊദ് അഹ്മദ് മലിക്ക് സാഹിബിനേയും ഷബീർ അഹ്മദ് ലോധി സാഹിബിനേയും അനുസ്മരിക്കുകയുണ്ടായി. അടുത്ത ജനാസ ഖാദിയാനിലെ ദർവേശ് മൗലവി മുഹമ്മദ് അയ്യൂബ് ഭട്ട് സാഹിബിന്റേതാണ്. (അദ്ദേഹം നൂറാമത്തെ വയസ്സിൽ വഫാത്തായി.) അദ്ദേഹത്തിന്റെ കുടുംബത്തിൽ മാതാവ് കരീം ബീവി സാഹിബ മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. മർഹൂം നിറഞ്ഞ യൗവനത്തിൽ തിരുനബി(സ) കുതിരയിൽ സഞ്ചരിക്കുന്നതായി സ്വപ്നം കണ്ടിരുന്നു. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹത്തിന്റെ മാതാവ്, അദ്ദേഹത്തിന് അല്ലാഹുവിന്റെ ദീനിന്റെ ജോലി നിർവഹിക്കാൻ തൗഫീഖ് കിട്ടുമെന്ന് പറയുകയുണ്ടായി. 1939 ൽ മൗലവി സാഹിബ് തന്റെ ജീവിതം വഖ്ഫ് ചെയ്തു. ജമാഅത്തി സംവിധാനം അദ്ദേഹത്തിന് ഇറാനിൽ പോകാൻ കൽപ്പന നൽകി. അവിടെ അഞ്ച് വർഷം സേവനനിരതനായി. അതിന് ശേഷം അഫ്ഗാനിസ്താനിലെ കാബൂളിലേക്ക് പോകാൻ ഉത്തരവ് കിട്ടി. കാബൂളിലേക്ക് പോകുന്നതിന്‌വേണ്ടി അദ്ദേഹം ക്വയ്ട്ടയിൽ എത്തിയപ്പോൾ ക്വയ്ട്ട ജമാഅത്ത് അമീർ അദ്ദേഹത്തോട് പറഞ്ഞു: നിങ്ങളെ ഖാദിയാനിലേക്ക് വിളിച്ചിട്ടുണ്ട്. അന്ന് ഇന്ത്യാ-പാകിസ്താൻ വിഭജനകാലമായിരുന്നു. അന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹിജ്റത്ത് ചെയ്ത് ലാഹോറിൽ താമസിക്കുകയായിരുന്നു. മൗലവി സാഹിബ് ലാഹോറിലെത്തിയപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: ഖാദിയാനിലേക്കുള്ള അവസാന ട്രക്കാണ് പോകുന്നത്. അതിന്ശേഷം ഒരുപക്ഷേ വേറൊരു ട്രക്കും പോകുന്നതല്ല. അതുകൊണ്ട് നിങ്ങൾ ഖാദിയാനിലേക്ക് പോവുക. ഖാദിയാനിലെത്തിയപ്പോൾ മൗലവി സാഹിബിന് വിവിധ സ്ഥലങ്ങളിൽ സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യാനുള്ള അവസരം ലഭിച്ചു. പിന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ നിർദേശപ്രകാരം ഇന്ത്യയിൽ തബ്ലീഗിന് മുഅല്ലിമീങ്ങളെ അയച്ചപ്പോൾ ഇദ്ദേഹത്തെയും യു.പി.യിലെ ഝാൻസിയിലേക്ക് വിടുകയുണ്ടായി. അവിടെ അദ്ദേഹം നല്ലരീതിയിൽ തബ്‌ലീഗ് ചെയ്തു.

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. ഇതിനിടയിൽ അദ്ദേഹം ഹോമിയോ ഡിഗ്രിയും കരസ്ഥമാക്കി. അദ്ദേഹം മുഖേന നിരവധി സൽപ്രകൃതരായ ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഒരു മകൻ ഡോക്ടർ മഹ്മൂദ് ഭട്ട് സാഹിബും അദ്ദേഹത്തിന്റെ ഭാര്യ ഡോക്ടർ മഞ്ജു ഭട്ടും വഖ്ഫ് ചെയ്ത് നീണ്ടകാലം ഘാനയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ സേവനനിരതരാണ്. അതുപോലെ വേറൊരു മകനും അമേരിക്കയിൽ ഡോക്ടറാണ്. അല്ലാഹു മർഹൂമീങ്ങളുടെ പദവികൾ ഉയർത്തുമാറാകട്ടെ. മക്കൾക്കും വരുംതലമുറക്കും അവരുടെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 13.12.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing: Tariq Alanallur, Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516